"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം ജില്ലയിലെ 'Sabarimala Festival Work 2022-23-Providing BC overlay and allied works to 82nd mile MC Road to 5th Mile CW Road ch:3/750 to 8/190 km work' എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/PWD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. 06.02.2017 -ലെ സഉ(പി)നം. 16/2017/ധന
2. G.O.(Rt)No.30/2023/PWD Dated:-11-01-2023
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 31.03.2024, 18.09.2024, 31.10.2024 എന്നീ തീയതികളിലെ CEPWD/6721/2024-C5(W)-RD നം. കത്തുകൾ
4. 08/01/2025 തീയതിയിലെ മന്ത്രിസഭായോഗത്തിലെ ഇനം നം.2577

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ 'Sabarimala Festival Work 2022-23-Providing BC overlay and allied works to 82nd mile MC Road to 5th Mile CW Road ch:3/750 to 8/190 km work' എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് അതേ തുകയ്ക്ക് സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. ഈ പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 5 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ നാല് ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. അഞ്ചാമത്തെ ടെൻഡറിങ്ങിൽ രണ്ട് ബിഡ്ഡുകൾ ലഭിക്കുകയും അവയിൽ ഏറ്റവും കുറഞ്ഞതുക ക്വോട്ട് ചെയ്ത ശ്രീ സജി. ടി. ചാക്കോയുമായി സർക്കാർ നിർദ്ദേശപ്രകാരം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയർ ചർച്ച നടത്തിയതിന്റെ ഫലമായി ക്വോട്ട് ചെയ്ത തുക 3,09,64,854/- രൂപ ആയി കുറയ്ക്കുകയും ചെയ്തിരുന്നു. പ്രസ്തുത ബിഡ് സമർപ്പിച്ച ശ്രീ സജി. ടി. ചാക്കോ ക്വോട്ട് ചെയ്ത തുകയായ 3,09,64,854/- രൂപ എന്നത് മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എങ്കിലും, ക്വോട്ട് ചെയ്തിരിക്കുന്ന 3,09,64,854/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്ന് ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, കോട്ടയം ജില്ലയിലെ Sabarimala Festival Work 2022-23-Providing BC overlay and allied works to 82nd mile MC Road to 5th Mile CW Road ch:3/750 to 8/190 km work' എന്ന പ്രവൃത്തിയ്ക്കായി ശ്രീ സജി. ടി. ചാക്കോ ക്വോട്ട് ചെയ്ത തുകയായ

3,09,64,854/- രൂപ (മൂന്നു കോടി ഒൻപതു ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി അൻപത്തിനാല് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 22% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.
ധനകാര്യ വകുപ്പ് (No.I&PW-B1/137/2024-Fin (E 2786109) Fin (Ind&PW-B) Dept)
പൊതുഭരണ (എസ്.സി) വകുപ്പ് (08.01.2025-ലെ മന്ത്രിസഭായോഗം ഇനം നം. 2577)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം
Signed by
Savitha .o.d
Date: 10-01-2025 16:05:00
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.